**മധുരമായ കുട്ടികളേ – ഈ സമയത്തെ നിങ്ങളുടെ ജീവിതം വളരെ വളരെ അമൂല്യമാണ് എന്തുകൊണ്ടെന്നാൽ നിങ്ങൾ പരിധിയുള്ളതുപേക്ഷിച്ച് പരിധിയില്ലാത്തതിലേയ്ക്ക് വന്നിരിക്കുകയാണ്, നമ്മൾ ഈ ലോകത്തിന് മംഗളം ചെയ്യുന്നവരാണെന്ന് നിങ്ങൾക്കറിയാം.**

**ചോദ്യം :–** ബാബയുടെ സമ്പത്തിന്റെ അധികാരം ഏതു പുരുഷാർത്ഥത്തിലൂടെയാണ് പ്രാപ്തമാകുന്നത്?
**ഉത്തരം :–** സദാ സഹോദര – സഹോദര ദൃഷ്ടി ഉണ്ടായിരിക്കണം. സ്ത്രീ പുരുഷനാണെന്നുള്ള തോന്നൽ ഇല്ലാതാകണം. അപ്പോൾ ബാബയുടെ സമ്പത്തിന് പൂർണ്ണമായ അധികാരം പ്രാപ്തമാകുന്നു. പക്ഷെ സ്ത്രീ പുരുഷനെന്ന ഈ തോന്നൽ, ഈ ദൃഷ്ടി ഇല്ലാതാവാൻ വളരെ ബുദ്ധിമുട്ടാണ്. ഇതിനു വേണ്ടി ദേഹീ–അഭിമാനിയാകുന്നതിനുള്ള അഭ്യാസം ആവശ്യമാണ്. ബാബയുടെ കുട്ടിയാകുമ്പോൾ സമ്പത്ത് ലഭിക്കും. ഒരു ബാബയുടെ ഓർമ്മയിലൂടെ സതോപ്രധാനമായി മാറുന്നവർ തന്നെയാണ് മുക്തിയുടെയും ജീവൻ മുക്തിയുടെയും സമ്പത്ത് നേടുന്നത്.

**ഗീതം :–** അങ്ങനെ ആ ദിനം ഇന്ന് വന്നു...

**ഓം ശാന്തി.** കുട്ടികൾക്കറിയാം ഓം എന്നാൽ ഞാൻ ആത്മാവാണ്, എന്റെ എന്നത് ഈ ശരീരമാണ്. ഇപ്പോൾ നിങ്ങൾ ഈ ഡ്രാമയെ, സൃഷ്ടി ചക്രത്തെയും ഈ സൃഷ്ടി ചക്രത്തെ അറിയുന്ന ബാബയെയും അറിഞ്ഞിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ചക്രത്തെ അറിയുന്നവരെ രചന എന്നു തന്നെയാണ് പറയുന്നത്. വിദ്യാഭ്യാസമുള്ളവരായാലും വലിയ വലിയ വിദ്വാന്മാരായാലും രചയിതാവിനെയും രചനെയേയും മറ്റാരും അറിയുന്നില്ല. അവർക്ക് അവരുടെ അഹങ്കാരം ഉണ്ടാവുമല്ലോ. പക്ഷെ അവർക്ക് ജ്ഞാനം, ഭക്തി, വൈരാഗ്യം എന്ന് പറഞ്ഞാലും, അറിയുന്നില്ല. അവർക്കും ഉയർന്നവർ താഴ്ന്നവർ എന്ന ഈർഷ്യ ഉണ്ട്. ഇന്നയാൾ ഉയർന്ന കുലത്തിലെയാണ്, ഇന്നയാൾ മധ്യമ കുലത്തിലെയാണ് – ഇത് അവർക്കിടയിൽ വളരെ നിലവിലുണ്ട്. ആദ്യം ആരുടെ സവാരി നടക്കണമെന്ന് കുംഭ മേളയിൽ പോലും അവർക്കിടയിൽ വഴക്കുണ്ടാവാറുണ്ട്. ഇതിനെ പറ്റി വളരെയധികം കലഹിക്കുന്നു. പിന്നീട് പോലീസ് വന്ന് വഴക്ക് പിരിച്ച് വിടുന്നു. അപ്പോൾ ഇതും ദേഹാഭിമാനമല്ലേ. ലോകത്തുള്ള മനുഷ്യരായ എല്ലാവരും ദേഹാഭിമാനികളാണ്. നിങ്ങളിപ്പോൾ ദേഹീ അഭിമാനിയായി മാറണം. ബാബ പറയുന്നു – ദേഹാഭിമാനം ഉപേക്ഷിക്കൂ, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ആത്മാവ് പതിതമായി മാറിയിരിക്കുന്നു, അതിൽ അഴുക്ക് പിടിച്ചിരിക്കുന്നു, ആത്മാവ് തന്നെയാണ് സതോപ്രധാനവും തമോപ്രധാനവുമായി മാറുന്നത്. ഏതു പോലെയാണോ ആത്മാവ് അതുപോലെയുള്ള ശരീരവും ലഭിക്കുന്നു. കൃഷ്ണന്റെ ആത്മാവ് സുന്ദരമാണ് അതിനാൽ ശരീരവും വളരെ സുന്ദരമായിരിക്കുന്നു, കൃഷ്ണന്റെ ശരീരം വളരെ ആകർഷണീയമായിരിക്കുന്നു. പവിത്രമായ ആത്മാവ് തന്നെയാണ് ആകർഷിക്കുന്നത്. ലക്ഷ്മീ നാരായണന് കൃഷ്ണനോളം പ്രശസ്തിയില്ല എന്തുകൊണ്ടെന്നാൽ കൃഷ്ണൻ പവിത്രമായ ചെറിയ കുട്ടിയാണ്. ഇവിടെയും പറയാറുണ്ട് ചെറിയ കുട്ടിയും മഹാത്മാവും സമാനമാണ്. മഹാത്മാക്കളാണെങ്കിൽ ജീവിതം അനുഭവിച്ച ശേഷം വികാരങ്ങളെ ഉപേക്ഷിക്കുകയും വെറുക്കുകയും ചെയ്യുന്നു. കുട്ടിയാണെങ്കിൽ പവിത്രം തന്നെയാണ്. കുട്ടികളെ ഉയർന്ന മഹാത്മാക്കളെന്ന് കരുതുന്നു. അതിനാൽ ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് ഈ നിവൃത്തി മാർഗ്ഗത്തിലുള്ള സന്യാസികളും കുറച്ച് തടയുന്നു. എപ്രകാരമാണോ കെട്ടിടം പകുതി പഴക്കമുള്ളതാകുമ്പോൾ പിന്നീട് മരാമത്ത് ചെയ്യുന്നതുപോലെ സന്യാസിമാരും മരാമത്ത് ചെയ്യുന്നു, പവിത്രമായതുകൊണ്ട് ഭാരതം തടഞ്ഞുകൊണ്ടിരിക്കുന്നു. ഭാരതത്തെ പോലെ പവിത്രവും ധനികവുമായ ഭൂഖണ്ഡം മറ്റൊന്നുമുണ്ടയിരിക്കുകയില്ല. ഇപ്പോൾ ബാബ നിങ്ങളെ രചയിതാവിന്റെയും രചനയുടെ ആദി–മധ്യ –അന്ത്യത്തിന്റെ സ്മൃതി ഉണർത്തുകയാണ് എന്തുകൊണ്ടെന്നാൽ പരമാത്മാവ് അച്ഛനുമാണ്, ടീച്ചറുമാണ്, ഗുരുവുമാണ്. ഗീതയിൽ കൃഷ്ണ ഭഗവാൻ പറഞ്ഞതാണ് എന്ന് എഴുതി വെച്ചിട്ടുണ്ട്. കൃഷ്ണനെ ഭഗവാൻ എന്ന് പറയുമോ! അഥവാ പതിത പാവനൻ എന്ന് പറയുമോ! മനുഷ്യർ പതിത പാവനൻ എന്ന് വിളിക്കുമ്പോൾ കൃഷ്ണനെ ഓർമ്മിക്കുന്നില്ല, മനുഷ്യൻ ഭഗവാനെ ഓർമ്മിക്കുന്നു, പിന്നീട് പതിത പാവന സീതാറാം എന്നും പറയുന്നു. എത്ര ആശയ കുഴപ്പത്തിലാണവർ. ബാബ പറയുകയാണ് – ഞാൻ നിങ്ങൾ കുട്ടികളുടെയടുത്ത് വന്ന് യഥാർത്ഥ രീതിയിൽ എല്ലാ വേദ ശാസ്ത്രങ്ങളുടെയും സാരം പറഞ്ഞു തരുന്നു. ഏറ്റവും ആദ്യം മുഖ്യമായ കാര്യം മനസ്സിലാക്കി തരുന്നു – നിങ്ങൾ സ്വയത്തെ മനസ്സിലാക്കുകയും ബാബയെ ഓർമ്മിക്കുകയും ചെയ്യുകയാണെങ്കിൽ പവിത്രമായി മാറും.

നിങ്ങൾ സഹോദര– സഹോദരന്മാരാണ്, ശേഷം മുഖ്യമായ കാര്യം ബ്രഹ്മാവിന്റെ സന്താനങ്ങളായ കുമാരിമാരും കുമാരന്മാരും സഹോദരീ –സഹോദരന്മാരാണ്. ഇത് ബുദ്ധിയിൽ ഓർമ്മയുണ്ടായിരിക്കണം. വാസ്തവത്തിൽ ആത്മാക്കൾ സഹോദര – സഹോദരന്മാരാണ്, പിന്നീട് ഇവിടെ ശരീരത്തിൽ വരുന്നതിലൂടെ സഹോദരീ സഹോദരന്മാരാകുന്നു. ഇത്രയ്ക്ക് പോലും മനസ്സിലാക്കാനുള്ള ബുദ്ധിയില്ല. പരമാത്മാവ് നമ്മൾ ആത്മാക്കളുടെ പിതാവാണ് അപ്പോൾ നമ്മൾ സഹോദരങ്ങളായില്ലേ. എങ്കിൽ പിന്നെങ്ങനെ സർവ്വ വ്യാപിയെന്ന് പറയും. സമ്പത്ത് കുട്ടികൾക്കാണ് ലഭിക്കുന്നത്, അച്ഛന് ലഭിക്കില്ല. അച്ഛനിൽ നിന്ന് കുട്ടികൾക്ക് സമ്പത്ത് ലഭിക്കുന്നു. ബ്രഹ്മാവും ശിവബാബയുടെ കുട്ടിയല്ലേ. ബ്രഹ്മാവിനും അച്ഛനിൽ നിന്ന് സമ്പത്ത് ലഭിക്കുന്നു. നിങ്ങൾ പേരകുട്ടികളാണ്. നിങ്ങൾക്കും അവകാശമുണ്ട് അതിനാൽ ആത്മാവിന്റെ രൂപത്തിൽ എല്ലാവരും കുട്ടികളാണ്, പിന്നെ ശരീരത്തിൽ വരുമ്പോൾ സഹോദരീ സഹോദരന്മാരാണ്, മറ്റൊരു ബന്ധവുമില്ല. സദാ സഹോദര–സഹോദരൻ എന്ന കാഴ്ചപ്പാട് ഉണ്ടായിരിക്കണം, സ്ത്രീ പുരുഷനെന്ന തോന്നലും ഇല്ലാതാകണം. എപ്പോഴാണോ സ്ത്രീ പുരുഷൻ രണ്ട് പേരും ഓ ഗോഡ് ഫാദർ എന്ന് പറയുന്നത് അപ്പോൾ സഹോദരീ സഹോദരനായില്ലേ. സഹോദരീ സഹോദരനാവുന്നത് ബാബ സംഗമത്തിൽ വന്ന് സൃഷ്ടി രചിക്കുമ്പോഴാണ്. പക്ഷെ സ്തീ പുരുഷൻ എന്ന ദൃഷ്ടി ഇല്ലാതാകാൻ വളരെ ബുദ്ധിമുട്ടാണ്. ബാബ പറയുന്നു – നിങ്ങൾ ദേഹീ അഭിമാനിയായി മാറണം. ബാബയുടെ കുട്ടികളാകുമ്പോഴാണ് സമ്പത്ത് ലഭിക്കുന്നത്. എന്നെ മാത്രം ഓർമ്മിച്ചാൽ സതോപ്രധാനമായി മാറും. സതോപ്രധാനമായി മാറാതെ മടങ്ങി പോയി മുക്തി ജീവൻ മുക്തിയിലേയ്ക്ക് പോകാൻ കഴിയില്ല. ഈ മുക്തിയെ പറ്റി സന്യാസിമാർ ഒരിക്കലും പറയില്ല. അവർ സ്വയം ആത്മാവെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ എന്ന് ഒരിക്കലും പറയില്ല. ബാബയെ വിളിക്കുന്നത് പരമ പിതാ പരമാത്മാവ് എന്നാണ്, പരമമായ ആത്മാവ് എന്നാണ്, ആത്മാവെന്ന് എല്ലാവരെയും വിളിക്കുന്നു എന്നാൽ ബാബയെ പരമാത്മാവ് എന്ന് വിളിക്കുന്നു. ആ അച്ഛൻ പറയുന്നു – കുട്ടികളെ, ഞാൻ നിങ്ങൾ കുട്ടികളുടെ അടുത്തേയ്ക്ക് വന്നിരിക്കുകയാണ്. എനിക്ക് സംസാരിക്കാൻ മുഖം ആവശ്യമാണല്ലോ. ഇക്കാലത്ത് നോക്കൂ പല സ്ഥലങ്ങളിലും ഗോമുഖം തീർച്ചയായും വെച്ചിട്ടുണ്ട്. പിന്നെ ഗോമുഖത്തിലൂടെ അമൃത് ഒഴുകുന്നു എന്നും പറയുന്നു. ജ്ഞാനത്തെയാണ് വാസ്തവത്തിൽ അമൃതെന്ന് പറയുന്നത്. ജ്ഞാനാമൃതം മുഖത്തിലൂടെ തന്നെയാണ് ഒഴുകുന്നത്. വെള്ളത്തിന്റെ കാര്യമൊന്നും ഇതിലില്ല. ഈ പശു മാതാവുമാണ്. ബാബ ഇതിൽ പ്രവേശിച്ചിരിക്കുന്നു. ബാബ ഇദ്ദേഹത്തിലൂടെ നിങ്ങളെ സ്വന്തമാക്കിയിരിക്കുന്നു. ഇദ്ദേഹത്തിലൂടെ ജ്ഞാനം ഒഴുകുന്നു. അവർ കല്ല് കൊണ്ട് ഉണ്ടാക്കിയിട്ട് പിന്നെ അതിലൂടെ വെള്ളം ഒഴുകുന്ന ഭാഗത്ത് മുഖം ഉണ്ടാക്കി വെച്ചിരിക്കുന്നു. അത് ഭക്തിയിലെ രീതിയല്ലേ. യഥാർത്ഥ കാര്യങ്ങൾ നിങ്ങൾക്കറിയാം. ഭീഷ്മ പിതാമഹൻ മുതലായവർക്ക് നിങ്ങൾ കുമാരിമാർ ബാണം അയച്ചിട്ടുണ്ട്. നിങ്ങളാണെങ്കിൽ ബ്രഹ്മാകുമാരി–ബ്രഹ്മാകുമാരന്മാരാണ്. അപ്പോൾ കുമാരി ആരുടെയെങ്കിലും ആകുമല്ലോ. അദർ കുമാരിമാർക്കും കുമാരിമാർക്കും ക്ഷേത്രമുണ്ട്. പ്രായോഗികമായി നിങ്ങളുടെ സ്മാരകമാണല്ലോ ക്ഷേത്രങ്ങൾ. ഇപ്പോൾ ബാബയിരുന്ന് മനസ്സിലാക്കി തരുകയാണ് – നിങ്ങൾ ബ്രഹ്മാകുമാരി ബ്രഹ്മാകുമാരന്മാരാണ്. അപ്പോൾ ക്രിമിനൽ ദൃഷ്ടിയുണ്ടാവുക സാധ്യമല്ല. ഇല്ലായെങ്കിൽ വളരെ കഠിനമായ ശിക്ഷ ഉണ്ടാവും. ദേഹാഭിമാനത്തിൽ വരുന്നതുകൊണ്ട് നമ്മൾ സഹോദരീ സഹോദരന്മാരാണെന്ന് മറന്നു പോകുന്നു. ഇവർ ബി.കെ. യാണ് നമ്മളും ബി.കെ.യാണ് അപ്പോൾ വികാരത്തിലേയ്ക്ക് പോകാൻ സാധിക്കില്ല. എന്നാൽ ആസുരീയ സമ്പ്രദായത്തിലെ മനുഷ്യർക്ക് വികാരം കൂടാതെ ഇരിക്കാൻ സാധിക്കുന്നില്ല, അതുകൊണ്ട് തടസ്സം ഉണ്ടാകുന്നു. ഇപ്പോൾ നിങ്ങൾ ബ്രഹ്മാകുമാരൻമാർക്കും കുമാരിമാർക്കും ബാബയിൽ നിന്ന് സമ്പത്ത് ലഭിക്കുന്നു. ബാബയുടെ ശ്രീമതമനുസരിച്ച് നടക്കണം. പവിത്രമായി മാറണം. ഇത് ഈ വികാരി മൃത്യുലോകത്തിലെ അന്തിമ ജന്മമാണ്. ഇതുപോലും ആർക്കും അറിയില്ല. അമരലോകത്തിൽ വികാരങ്ങളൊന്നും തന്നെ ഉണ്ടായിരിക്കുകയില്ല. അവരെ പറയുന്നത് സതോപ്രധാന സമ്പൂർണ്ണ നിർവികാരികളെന്നാണ്. ഇവിടെയുള്ളത് തമോപ്രധാന സമ്പൂർണ്ണ വികാരികളാണ്. പാടാറുമുണ്ട് അവർ സമ്പൂർണ്ണ നിർവികാരികളാണെന്ന്, നമ്മൾ വികാരികൾ പാപികളാണ്. സമ്പൂർണ്ണ നിർവികാരികളെ പൂജിക്കുന്നു. നിങ്ങൾ ഭാരതവാസികൾ തന്നെയാണ് പൂജ്യരിൽ നിന്ന് പൂജാരികളായി മാറുന്നത് എന്ന് ബാബ മനസ്സിലാക്കി തന്നിട്ടുണ്ട്. ഈ സമയത്ത് മുക്തിയുടെ പ്രഭാവം വളരെയുണ്ട്. തങ്ങളുടെ ഭക്തിയുടെ ഫലം ഭഗവാൻ വന്ന് തരാനാണ് ഭക്തർ ഭഗവാനെ ഓർമ്മിക്കുന്നത്. ഭക്തിയിൽ എന്ത് സ്ഥിതിയായിരിക്കുന്നു. മുഖ്യമായ ധർമ്മ ശാസ്ത്രങ്ങൾ 4 ആണെന്ന് ബാബ മനസ്സിലാക്കി തന്നു. ഒന്നാമത്തെത് ദേവതാ ധർമ്മം ഇതിൽ ബ്രാഹ്മണർ, ദേവതാ, ക്ഷത്രിയർ മൂന്നും വരുന്നു. ബാബ ബ്രാഹ്മണ ധർമ്മം സ്ഥാപന ചെയ്യുന്നു. ബ്രാഹ്മണരുടെ കുടുമ സംഗമയുഗത്തിന്റെയാണ്. നിങ്ങളിൽ ബ്രാഹ്മണരിപ്പോൾ പുരുഷോത്തോമന്മാരായി മാറുകയാണ്. ബ്രാഹ്മണരായി മാറി പിന്നീട് ദേവതകളായി മാറുന്നു. ആ ബ്രാഹ്മണർ വികാരികളാണ്. ആ ബ്രാഹ്മണരും ഈ ബ്രാഹ്മണരുടെ മുന്നിൽ തല കുനിക്കുന്നു. ബ്രാഹ്മണ – ദേവീ ദേവതായ നമ എന്ന് പറയുന്നു. എന്തുകൊണ്ടെന്നാൽ അവർ ബ്രഹ്മാവിന്റെ സന്താനങ്ങളായിരുന്നു. നമ്മൾ ബ്രഹ്മാവിന്റെ സന്താ

നങ്ങളല്ല. ഇപ്പോൾ നിങ്ങൾ ബ്രഹ്മാവിന്റെ സന്താനങ്ങളാണ്. നിങ്ങളെ എല്ലാവരും നമസ്ക്കരിക്കും. പിന്നീട് ദേവീ ദേവന്മാരായി മാറുകയാണ്. ഇപ്പോൾ നിങ്ങൾ ബ്രഹ്മാകുമാർ – കുമാരിമാരായി മാറിയിരിക്കുന്നു. പിന്നീട് ദൈവീക കുമാർ കുമാരിമാരായി മാറും.

ഈ സമയത്ത് നിങ്ങളുടെ ജീവിതം വളരെ വളരെ അമൂല്യമാണ് എന്തുകൊണ്ടെന്നാൽ നിങ്ങൾ ഈ ലോകത്തിന്റെ മാതാക്കളാണെന്ന് പാടപ്പെട്ടിട്ടുണ്ട്. നിങ്ങൾ പരിധിയുള്ളതിനെ വിട്ട് പരിധിയില്ലാത്തതിലേയ്ക്ക് വന്നല്ലോ. നാം ഈ ലോകത്തിന്റെ മംഗളം ചെയ്യുന്നവരാണെന്ന് നിങ്ങൾക്കറിയാമല്ലോ. അപ്പോൾ ഓരോരുത്തരും ജഗദംബ ജഗത്പിതാവായില്ലേ. ഈ നരകത്തിൽ എല്ലാ മനുഷ്യരും ദുഃഖിതരാണ്. നമ്മൾ അവരുടെ ആത്മീയ സേവനം ചെയ്യുന്നതിനായി വന്നിരിക്കുകയാണ്. നമ്മളവരെ സ്വർഗ്ഗവാസികളാക്കി മാറ്റുക തന്നെ ചെയ്യും. നിങ്ങൾ സേനയാണല്ലോ. ഇതിനെ യുദ്ധസ്ഥലം എന്നും പറയാറുണ്ട്. യാദവരും കൗരവരും പാണ്ഡവരും ഒന്നിച്ചിരിക്കുന്നു. സഹോദര സഹോദരന്മാരല്ലേ. ഇപ്പോൾ യുദ്ധം സഹോദരി സഹോദരന്മാർ തമ്മിലല്ല. നിങ്ങളുടെ യുദ്ധം രാവണനുമായിട്ടാണ്. മനുഷ്യനിൽ നിന്ന് ദേവതയാക്കി മാറ്റാനാണ് സഹോദരി സഹോദരന്മാർക്ക് നിങ്ങൾ മനസ്സിലാക്കി കൊടുക്കുന്നത്. അതിനാൽ ബാബ മനസ്സിലാക്കി തരുകയാണ് ദേഹ സഹിതം ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളും ഉപേക്ഷിക്കണം. ഇത് പഴയ ലോകമാണ്. എത്ര വലിയ വലിയ ഡാമുകൾ, കനാലുകൾ മുതലായവ ഉണ്ടാക്കുന്നു. കാരണം വെള്ളമില്ല. പ്രജകൾ വളരെയധികം വർദ്ധിച്ചിരിക്കുന്നു. അവിടെയാണെങ്കിൽ നിങ്ങൾ കുറച്ചുപേർ മാത്രമേ ഉണ്ടായിരിക്കൂ. നദികളിൽ ധാരാളം വെള്ളമുണ്ട്, ധാന്യങ്ങളും ധാരളമുണ്ട്. ഇവിടെ ഈ ഭൂമിയിൽ കോടിക്കണക്കിന് മനുഷ്യരുണ്ട്. അവിടെ മുഴുവൻ ഭൂമിയിലും കൂടി 9–10 ലക്ഷം പേരായിരിക്കും, വേറെ ഒരു ഖണ്ഡവും ഉണ്ടായിരിക്കുകയില്ല. നിങ്ങൾ കുറച്ചുപേർ മാത്രമേ അവിടെ ഉണ്ടായിരിക്കുകയുള്ളു. നിങ്ങൾക്ക് എവിടെയും പോകേണ്ട ആവശ്യമില്ല. അവിടെ വളരെ സുന്ദരമായ കാലാവസ്ഥയാണ്. 5 തത്വങ്ങളും ഒരു ബുദ്ധിമുട്ടും തരുന്നില്ല, ഓർഡറിൽ ഇരിക്കുന്നു. ദുഃഖം എന്ന പേരുപോലുമില്ല. അതാണെങ്കിൽ സ്വർഗ്ഗം തന്നെയാണ്. ഇപ്പോൾ നരകമാണ്. ഇത് ഇടയിൽ നിന്നാണ് തുടങ്ങുന്നത്. ദേവതകൾ വാമമാർഗ്ഗത്തിലേയ്ക്ക് വീഴുമ്പോൾ പിന്നീട് രാവണ രാജ്യം ആരംഭിക്കുന്നു. നിങ്ങൾക്കറിയാം – നമ്മൾ ഡബിൾ കിരീടധാരികളായ പൂജ്യരായി മാറുന്നു. സത്യയുഗത്തിൽ പവിത്രതയുടെ അടയാളമുണ്ട്, ദേവതകളെല്ലാവരും പവിത്രമാണ്. ഇവിടെ പവിത്രരായി ആരുമില്ല. ജന്മമെടുക്കുന്നത് വികാരത്തിലൂടെയാണല്ലോ. അതുകൊണ്ട് ഇതിനെ ഭ്രഷ്ടാചാരി ലോകമെന്ന് പറയുന്നു. സത്യയുഗം ശ്രേഷ്ഠാചാരിയാണ്. വികാരത്തെയാണ് ഭ്രഷ്ഠാചാരമെന്ന് പറയുന്നത്. കുട്ടികൾക്കറിയാം സത്യയുഗത്തിൽ പവിത്രമായ പ്രവൃത്തിമാർഗ്ഗമായിരുന്നു, ഇപ്പോൾ അപവിത്രമായിരിക്കുന്നു. ഇനി വീണ്ടും പവിത്രമായ ശ്രേഷ്ഠചാരി ലോകമായി മാറുന്നു. സൃഷ്ടിചക്രം കറങ്ങുകയാണല്ലോ. പരംപിതാ പരമാത്മാവിനെ തന്നെയാണ് പതിത പാവനൻ എന്ന് പറയുന്നത്. ഭഗവാൻ പ്രേരിപ്പിക്കുന്നുവെന്ന് മനുഷ്യർ പറയുന്നു. ഇപ്പോൾ പ്രേരണ അർത്ഥം ചിന്തകൾ, ഇതിൽ പ്രേരണയുടെ കാര്യം തന്നെയില്ല. ബാബ സ്വയം പറയുകയാണ് എനിക്ക് ശരീരത്തിന്റെ ആധാരമെടുക്കേണ്ടി വരുന്നു. മുഖം കൂടാതെ എനിക്കെങ്ങനെ പഠിപ്പിക്കാൻ സാധിക്കും. പ്രേരണയിലൂടെ ആരെങ്കിലും പഠിപ്പിക്കുമോ! ഭഗവാൻ പ്രേരണയിലൂടെ ഒന്നും തന്നെ ചെയ്യുന്നില്ല. ബാബ കുട്ടികളെ പഠിപ്പിക്കുന്നു. പ്രേരണയിലൂടെ പഠിപ്പ് സാധ്യമല്ല. ബാബയ്ക്കല്ലാതെ സൃഷ്ടിയുടെ ആദി–മധ്യ–അന്ത്യത്തിന്റെ രഹസ്യം പറഞ്ഞുതരാൻ സാധിക്കില്ല. ബാബയെ തന്നെ അറിയുന്നില്ല. ചിലർ ലിംഗമെന്ന് വിളിക്കുന്നു. ചിലർ അഖണ്ഡജ്യോതിയെന്ന് വിളിക്കുന്നു. ചിലർ പറയുന്നത് ബ്രഹ്മം തന്നെയാണ് ഈശ്വരൻ എന്നാണ്. തത്വ ജ്ഞാനി ബ്രഹ്മജ്ഞാനിയുമാണല്ലോ. ശാസ്ത്രങ്ങളിൽ കാണിച്ചിരിക്കുന്നത് 84 ലക്ഷം യോനിയെന്നാണ്. 84 ലക്ഷം ജന്മങ്ങളുണ്ടെങ്കിൽ കല്പം വളരെ വലുത് വേണം. ഒരു കണക്കും പറയുക സാധ്യമല്ല. അവരാണെങ്കിൽ സത്യയുഗത്തെ തന്നെ ലക്ഷക്കണക്കിന് വർഷം എന്ന് പറയുന്നു. ബാബ പറയുന്നു മുഴുവൻ സൃഷ്ടിചക്രവും 5000 വർഷത്തിന്റെയാണ്. 84 ലക്ഷം ജന്മങ്ങൾക്ക് സമയവും അത്രയും വേണ്ടേ. ഈ ശാസ്ത്രങ്ങൾ മുതലായവ ഭക്തിമാർഗ്ഗത്തിലെതാണ്. ബാബ പറയുന്നു ഞാൻ വന്ന് നിങ്ങളെ ഈ എല്ലാ ശാസ്ത്രങ്ങളുടെയും സാരം മനസ്സിലാക്കി തരുന്നു. എന്നെ വിളിക്കുന്നത് തന്നെ അല്ലയോ, പതിത പാവനാ വരൂ! എന്നാണല്ലോ. പാവനമാക്കി മാറ്റി ഞങ്ങളെ പാവന ലോകത്തിലേയ്ക്ക് കൂട്ടി കൊണ്ട് പോകൂ. പിന്നീട് തിരഞ്ഞു കണ്ടുപിടിക്കാൻ എന്തിനാണ് ബുദ്ധിമുട്ടുന്നത്? എത്ര വലിയ വലിയ പർവ്വതങ്ങളിലേയ്ക്ക് പോകുന്നു. ഇക്കാലത്ത് എത്ര ക്ഷേത്രങ്ങളാണ് ഒഴിഞ്ഞുകിടക്കുന്നത്, ആരും പോകുന്നില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾ ഉയർന്നതിലും ഉയർന്ന ബാബയുടെ ജീവിതകഥ അറിഞ്ഞു കഴിഞ്ഞു. അച്ഛൻ കുട്ടികൾക്ക് എല്ലാം നൽകി പിന്നീട് 60 വയസ്സിനു ശേഷം വാനപ്രസ്ഥ അവസ്ഥയിലെത്തിയിരിക്കുന്നു. ഈ സമ്പ്രദായവും ഇപ്പോഴത്തെതാണ്. ഉത്സവങ്ങളെല്ലാം ഈ സമയത്തിന്റേതാണ്.

നിങ്ങൾക്കറിയാം ഇപ്പോൾ നമ്മൾ സംഗമത്തിൽ നിൽക്കുകയാണ്. രാത്രിയ്ക്കു ശേഷം പിന്നീട് പകലാവും. ഇപ്പോൾ ഘോര അന്ധകാരമാണ്. പാടുന്നുമുണ്ട് ജ്ഞാനസൂര്യൻ പ്രകടമായി... നിങ്ങൾ ബാബയെയും രചനയുടെയും ആദി-മധ്യ-അന്ത്യത്തെയും ഇപ്പോൾ അറിഞ്ഞിട്ടുണ്ട്. ഏതു പോലെയാണോ ബാബ നോളേജ്ഫുൾ, നിങ്ങളും മാസ്റ്റർ നോളേജ് ഫുൾ ആയി കഴിഞ്ഞു. നിങ്ങൾ കുട്ടികൾക്ക് ബാബയിൽ നിന്നും പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുന്നു. ലൗകിക അച്ഛനിൽ നിന്നും പരിധിയുള്ള സമ്പത്ത് ലഭിക്കുന്നു, അതിലൂടെ അല്പകാലത്തെ സുഖം ലഭിക്കുന്നു. ഏതിനെയാണോ സന്യാസിമാർ കാകവിഷ്ട സമാനമായ സുഖമെന്ന് പറഞ്ഞത് അവർക്ക് പിന്നീട് ഇവിടെ വന്ന് സുഖത്തിന് വേണ്ടി പുരുഷാർത്ഥം ചെയ്യാൻ സാധിക്കില്ല. അവർ ഹഠയോഗികളാണ്, നിങ്ങൾ രാജയോഗികളാണ്. നിങ്ങളുടെ യോഗം ബാബയുമായാണ്, അവരുടെത് തത്വവുമായാണ്. ഇതും ഡ്രാമയിലുണ്ടാക്കിയിട്ടുള്ളതാണ്. ശരി!

വളരെ കാലത്തെ വേർപാടിനു ശേഷം തിരികെ കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ ഓർമ്മ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം :-

1) പാവനമായി മാറുന്നതിന് വേണ്ടി, നമ്മൾ ആത്മാക്കൾ സഹോദര സഹോദരനാണ്, ബ്രഹ്മാബാബയുടെ സന്താനങ്ങൾ സഹോദരീ - സഹോദരന്മാരാണ്, ഈ ദൃഷ്ടി ഉറച്ചതാക്കണം. ആത്മാവിനെയും ശരീരത്തെയും പവിത്രവും സതോപ്രധാനവുമാക്കണം. ദേഹാഭിമാനം ഉപേക്ഷിക്കണം.

2) മാസ്റ്റർ നോളേജ് ഫുൾ ആയി മാറി എല്ലാവരെയും രചയിതാവിന്റെയും രചനയുടെയും ജ്ഞാനം കേൾപ്പിച്ച് ഘോര അന്ധകാരത്തിൽ നിന്നും മുക്തമാക്കണം. നരകവാസിയായ മനുഷ്യരെ ആത്മീയ സേവനം ചെയ്ത് സ്വർഗ്ഗവാസിയാക്കി മാറ്റണം.

## വരദാനം : മാസ്റ്റർ ജ്ഞാനസാഗരനായി മാറി ജ്ഞാനത്തിന്റെ ആഴങ്ങളിലേക്കു പോകുന്നവരായ അനുഭവീ രത്നങ്ങളാൽ സമ്പന്നമായി ഭവിക്കട്ടെ.

ഏതു കുട്ടികളാണോ ജ്ഞാനത്തിന്റെ ആഴങ്ങളിലേക്ക് പോകുന്നത് അവർ അനുഭവി രത്നങ്ങളാൽ സമ്പന്നരായി മാറുന്നു. ഒന്ന് ജ്ഞാനം കേൾക്കുക കേൾപ്പിക്കുക മറ്റൊന്ന് അനുഭവീ മൂർത്തിയായി മാറുക. അനുഭവി സദാ അവനാശിയും നിർവിഘ്നരുമായിരിക്കുന്നു. അവരെ ആർക്കും ഇളക്കാൻ സാധിക്കില്ല. അനുഭവികളുടെ മുന്നിൽ മായയുടെ ഏതൊരു പ്രയത്നവും വിജയിക്കില്ല. അനുഭവി ഒരിക്കലും വഞ്ചിക്കപ്പെടുകയില്ല. അതിനാൽ അനുഭവങ്ങളെ വർദ്ധിപ്പിക്കുന്ന, ഒരോ ഗുണങ്ങളുടെയും അനുഭവീ മൂർത്തിയായി മാറൂ. മനനശക്തിയിലൂടെ സങ്കൽപ്പങ്ങളുടെ സ്റ്റോക്ക് ശേഖരിക്കൂ.

## സ്ലോഗൻ : ദേഹത്തിന്റെ സൂക്ഷ്മ അഭിമാനങ്ങളുടെ സംബന്ധത്തിൽ നിന്ന് പോലും വേറിട്ടിരിക്കുന്നത് ആരാണോ അവരാണ് ഫരിസ്ഥ.

**അവ്യക്ത സൂചന : സത്യയുടെയും സഭ്യതയുടെയും സംസ്കാരത്തെ സ്വന്തമാക്കൂ..**

സമ്പൂർണ്ണ സത്യത പോലും പവിത്രതയുടെ ആധാരത്തിലാണ് ഉണ്ടാകുന്നത്. പവിത്രത ഇല്ലെങ്കിൽ സദാ സത്യതയോടെ ഇരിക്കാൻ സാധിക്കില്ല. കേവലം കാമവികാരം മാത്രമല്ല അപവിത്രത എന്നാൽ അതിന്റെ കൂടെ കൂട്ടുകാരും ഉണ്ട്. അതുകൊണ്ട് മഹാൻ പവിത്രത അർത്ഥം അപവിത്രതയുടെ പേരോ അടയാളമോ പോലും ഇല്ലാതിരിക്കുന്നത്, അപ്പോൾ പരമാത്മ പ്രത്യക്ഷതയ്ക്ക് നിമിത്തമായി മാറാൻ സാധിക്കും.